**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3620** **05-08-2021 - ൽ മറുപടിയ്ക്ക്**

**ഫിലമെന്റ് രഹിത കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി എത്ര എൽ.ഇ.ഡി ബൾബുകളാണ് വിതരണം ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും ആയതിൽ എത്രയെണ്ണം വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | ഫിലമെന്റ് രഹിത കേരള (FFK) പദ്ധതിയുടെ ഭാഗമായി നിലവിൽ രജിസ്റ്റർ ചെയ്ത ഉപഭോക്താക്കൾക്ക് 121.8 ലക്ഷം ബൾബുകളാണ് വിതരണം ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ 93.3 ലക്ഷം ബൾബുകളുടെ വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. ബൾബുകളുടെ വിതരണം പുരോഗമിക്കുന്നു. |
| (ബി) | എല്ലാ ഉപഭോക്താക്കളും എൽ.ഇ.ഡി ബൾബ് ഉപയോഗിക്കുന്നതിനായി ബോധവത്കരണം നടത്തുന്നതിന് വൈദ്യുതി വകുപ്പ് ഏന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന രീതിയിൽ ബോധവൽകരണ നോട്ടീസുകൾ വിതരണം ചെയ്തും, പോസ്റ്റർ, ബാനറുകൾ എന്നിവ സെക്ഷൻ ഓഫിസുകളിലും, പഞ്ചായത്തുതലത്തിൽ യോഗങ്ങളിലും, മറ്റു പൊതു ഇടങ്ങളിലും പ്രദർശിപ്പിക്കുകയും, സോഷ്യൽ മീഡിയ (കൺസ്യൂമർ വാട്സപ്പ് ഗ്രൂപ്പ്), സെക്ഷൻ തലത്തിൽ 'ഹെൽപ്പ് ഡെസ്ക്' എന്നിവ വഴിയും കൂടുതൽ ഉപഭോക്താക്കളെ എൽ.ഇ.ഡി ബൾബുകൾ ഉപയോഗിക്കുന്നതിന് ബോധവത്കരണം നൽകുകയും, പദ്ധതിയിലേയ്ക്ക് ആകർഷിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 1. എൽ.ഇ.ഡി ബൾബുകളുടെ പ്രചാരണത്തിന്റെ ഭാഗമായി 2010-11 കാലഘട്ടത്തിൽ കേരളത്തിലെ ആദ്യത്തെ എൽ.ഇ.ഡി വില്ലജ് പ്രോഗ്രാം എനർജി മാനേജ്മന്റ് സെന്റർ പാലക്കാട് ജില്ലയിലെ അയകുറുശ്ശി പഞ്ചായത്തിൽ നടപ്പിലാക്കി. ഈ പറഞ്ഞ പദ്ധതിയുടെ ഭാഗമായി 325 വീടുകളിൽ 2 എൽ.ഇ.ഡി ബൾബുകൾ സൗജന്യമായി നൽകുകയും പഞ്ചായത്തിൽ 18 വാട്ട്സിന്റെ 50 എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും ചെയ്തു. 2. കൂടാതെ കേന്ദ്ര ഗവണ്മെന്റ് സ്ഥാപനമായ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ സഹായത്തോടു കൂടി എൽ.ഇ.ഡി വില്ലേജ് പ്രോഗ്രാം ആലപ്പുഴയിലും, നിലംബൂറും തിരുവനന്തപുരത്തും നടപ്പിലാക്കി. ഇതിന്റെ ഭാഗമായി മേല്പറഞ്ഞ ജില്ലയിലെ തിരഞ്ഞെടുത്ത ഒരു പഞ്ചായത്തിൽ 1500 |

| | | | |
|---|---|---|---|
| | | | എൽ.ഇ.ഡി ബൾബുകൾ വീതം കുറഞ്ഞ നിരക്കിൽ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകി. 3. ഇ.എം.സി യുടെ ഊർജ്ജ കാര്യക്ഷമത ഗ്രാമം പദ്ധതി 14 ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ പറഞ്ഞ പഞ്ചായത്തുകളിൽ കുറഞ്ഞ നിരക്കിൽ ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി ബൾബുകൾ നൽകി. 14 പഞ്ചായത്തുകളിൽ കൂടി 77,500 എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. 4. ഇ.എം.സി-യുടെ നേതൃത്വത്തിൽ സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ കാര്യക്ഷമത വർധിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതികളിൽ സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി ബൾബുകൾ സ്ഥാപിക്കുന്നു. 5. എനർജി മാനേജ്മെന്റ് സെന്റർ പൊതുജനങ്ങൾക്കായി അനവധി ബോധവൽകരണ പരിപാടികൾ/ ശില്പശാലകൾ നടത്തിവരുന്നു. ഇത്തരത്തിലുള്ള ഭൂരിഭാഗം പരിപാടികളിലും എൽ.ഇ.ഡി ബൾബുകളുടെ ഗുണമേന്മയെക്കുറിച്ച് പരാമർശിക്കാറുണ്ട്. കോവിഡ് കാരണം നേരിട്ട് പരിപാടികൾ നടത്തുവാൻ സാധികാത്ത അവസരത്തിൽ ഇ.എം.സി യുടെ ഫേസ്ബുക്ക് പേജിലൂടെ ഒരു വർഷം നീണ്ടു നിന്നിരുന്ന ഗാർഹിക മേഖലയിലെ ഊർജ്ജ സംരക്ഷണം എന്ന ലൈവ് പ്രോഗ്രാം നടത്തിയിട്ടുണ്ട്. എല്ലാ ബുധനാഴ്ചകളിലുമാണ് ലൈവ് പ്രോഗ്രാം നടത്തിയിരുന്നത്. എല്ലാ പ്രോഗ്രാമുകളിലും എൽ.ഇ.ഡി ലൈറ്റുകളുടെ ഗുണമേന്മേയെ കുറിച്ച് പറയാറുണ്ട്. 6. കൂടാതെ കേരളം മുഴുവനായി ഫിലമെന്റ് രഹിത സംസ്ഥാനമായി മാറ്റുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി എൽ.ഇ.ഡി ബൾബുകളുടെ ഗുണമേന്മയെ കുറിച്ചുള്ള വിവരണങ്ങളും പദ്ധതിയുടെ വിശദാംശങ്ങളും ആകാശവാണി, എഫ്.എം റേഡിയോകളിൽ പ്രക്ഷേപണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ